പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ 297 — 26-09-2011 ൽ മറുപടിയ്ക്ക്

## പാർപ്പിട നിർമ്മാണ പദ്ധതി

| ചോദ്യം<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഭവനരഹിതരായ കുടുംബങ്ങളുടെ വിശദവിവരം സർക്കാർ തലത്തിൽ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്വന്തമായി പാർപ്പിടമില്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നുള്ള വിവരത്തിന് പ്രത്യേകമായി ഇപ്പോൾ സർവ്വെ നടത്തിയിട്ടില്ല. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥിതിവിവര കണക്കെടുപ്പ് അനുസരിച്ച് 2010 ഫെബ്രവരി വരെയുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് ഏകദേശം 4.92 ലക്ഷം ഭവനരഹിതരായ കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിൽ എത്ര കുടുംബങ്ങൾക്കാണ് സ്വന്തമായി ഭവനമില്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ ആകെ 21206 പേർക്ക് സ്വന്തമായി ഭവനമില്ലാത്തതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ 15705 പൊതുവിഭാഗം കുടുംബങ്ങളും 3065 പട്ടികജാതി കുടുംബങ്ങളും 1457 പട്ടിക വർഗ്ഗ കുടുംബങ്ങളും നഗരപ്രദേശങ്ങളിൽ 979 കുടുംബങ്ങൾക്കും സ്വന്തമായി ഭവനമില്ല. |
| (സി) | ഭവനരഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി എന്തെല്ലാം പദ്ധതികൾ ആണ് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഇപ്പോൾ നിലവിലുള്ള ഭവനനിർമ്മാണ പദ്ധതികൾക്കു പുറമേ സാമ്പത്തികമായി ദുർബ്ബലരായ ജനവിഭാഗങ്ങൾക്കുവേണ്ടി ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ 'സാഫല്യം' എന്ന നൂതന ഭവനനിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് പാലക്കാട് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിൽ ആണ് പ്രോജക്ടുകൾ ഉള്ളത്; പ്രസ്തുത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | പാലക്കാട് ജില്ലയിൽ കല്ലേപ്പുള്ളി, ഒറ്റപ്പാലം, വാത്താനഗർ, അകത്തേത്തറ മുതലായ ഭവനനിർമ്മാണ പദ്ധതികൾ ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ അകത്തേത്തറയിലെ പദ്ധതിയിൽ അഞ്ചു വീടുകൾ കൂടി വിൽക്കാനുണ്ട്. ഇതിനു പുറമേ പാലക്കാട് ജില്ലയിലെ മാട്ടുമൊന്തയിൽ സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റുകൾ പണി തീർത്ത് കൈമാറിയിട്ടുണ്ട്. |
| (ഇ) | ഇടത്തരക്കാരും ഭവനരഹിതരുമായ സർക്കാർ ജീവനക്കാർക്ക് ഹൗസിംഗ് ബോർഡ് മുഖേന വീട് നിർമ്മിച്ച നൽകുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ? | (ഇ) | പാലക്കാട് ജില്ലയിലെ മാട്ടുമൊന്തയിൽ നടപ്പിലാക്കിയ സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതിക്കു പുറമേ പാലക്കാട് ജില്ലയിൽത്തന്നെ പാലക്കാട് താലൂക്കിൽ പാലക്കാട് II വില്ലേജിൽ ബ്ലോക്ക് നമ്പർ 61-ൽ സർവ്വേ നമ്പർ 2427-ൽപ്പെട്ട 1.90 ഏക്കർ സ്ഥലത്ത് സർക്കാർ ജീവനക്കാർക്കായി വാടക വീട് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 2011-12 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ സർക്കാർ ജീവനക്കാർക്കു വേണ്ടി കാസർഗോഡും ഇടുക്കി ജില്ലയിലെ ദേവികുളത്തും ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | 'എല്ലാവർക്കും പാർപ്പിടം' എന്ന സർക്കാർ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ? | (എഫ്) | പുതിയ പാർപ്പിട നയത്തിൻെറ രൂപീകരണത്തിലൂടെ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിൻെറ ഭാഗമായി കേരള സംസ്ഥാന പാർപ്പിട നയം - 2011 എന്ന കരട് നയം തയ്യാറാക്കിയിട്ടുണ്ട്. |

വിവിധ പദ്ധതികളുടെ നയരൂപീകരണം വിഭാവനം ചെയ്യുന്നതാണ് സർക്കാരിന്റെ പുതിയ പാർപ്പിട നയം. ഇതനുസരിച്ച് 12 -ാം പഞ്ചവത്സരപദ്ധതി കാലയളവിൽ 12 ലക്ഷം പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനുള്ള കർമ്മപദ്ധതിയ്ക്ക് സർക്കാർ ലക്ഷ്യമിടുന്നു. പുനർനിർമ്മാണം ആവശ്യമായ 5.5 ലക്ഷം വീടുകളും ജനസംഖ്യാ വളർച്ചമൂലം അടുത്ത അഞ്ചുവർഷത്തേയ്ക്ക് ആവശ്യമായ 6.5 ലക്ഷം വീടുകളും ഇതിൽ ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ